# പ്രത്യാശയിൽ നിലനിൽക്കുക

## യിരെമ്യാവ് 29:11

"നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മെക്കല്ല നന്മെക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാടു."

നാം ജീവിക്കുന്ന ഈ ലോകത്ത് ഇപ്പോഴത്തെ സാഹചര്യത്തിൽ ആർക്കും മുമ്പോട്ടുള്ള ജീവിതത്തെക്കുറിച്ച് ഒരു തീരുമാനമില്ലാത്തുപോലെയാണ്. രോഗങ്ങൾ, ക്ഷാമം, പ്രശ്നങ്ങൾ, പ്രതിസന്ധികൾ, മഹാമാരി പോലെയുള്ള സംഭവങ്ങൾ ആർക്കും വരാമെന്നുള്ള ഭയം ഒരുവശത്ത്. ഇതുമൂലം ഉണ്ടായിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ട് മറുവശത്ത്. അവനവന് ചെയ്തു തീർക്കുവാനുള്ള കാര്യങ്ങൾ എങ്ങനെ ചെയ്യുമെന്നുള്ള ചിന്ത എല്ലാവരെയും ഭരിക്കുന്നു. കുറച്ചുപേരെങ്കിലും നിരാശയിലേക്ക് പോകുന്നു. നമ്മുടെ ചുറ്റുപാടിലേക്ക് നോക്കിയാൽ ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം കൂടുന്നതായി കാണാം. ജീവിതത്തിൽ പ്രത്യാശ ഇല്ലാതാകുമ്പോൾ സാത്താൻ നമ്മിലേക്ക് നിരാശ കൊണ്ടു വരുകയും നമ്മെ തളർത്തിക്കളയുകയും ചെയ്യുന്നു. അതു പിന്നെ ആത്മഹത്യ പോലെയുള്ള പ്രവണതകളിലേക്ക് നയിക്കുകയും ചെയ്യുന്നു.

ലോകം മുഴുവനും കഷ്ടതയും പ്രയാസങ്ങളും അനുഭവിക്കുന്ന ഈ കാലയളവിൽ ദൈവമക്കൾക്ക് ആശ്വാസം കണ്ടെത്തുവാൻ സാധിക്കുന്നതാണ് മേല്പറഞ്ഞ വാക്യം. ദൈവത്തിന് നമ്മെക്കുറിച്ച് ഒരു പദ്ധതിയുണ്ട്. അത് നമ്മെ തകർക്കാനല്ല, നമ്മുടെ നന്മയ്ക്കുവേണ്ടിയുള്ളതാണ്. സാഹചര്യങ്ങളെ നോക്കി നെടുവീർപ്പിടേണ്ട, ദൈവത്തിൽ മാത്രം ആശ്രയം വയ്ക്കുക. ഈ രോഗങ്ങളും, ബുദ്ധിമുട്ടുകളും, പ്രയാസങ്ങളും മാറ്റുവാൻ നമ്മുടെ കർത്താവ് മതിയായവനാണ്.

"എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു" (യെശയ്യാവ് 55:8). നാമോരോരുത്തരും എന്തുകാര്യത്തിനുവേണ്ടി പ്രാർത്ഥിച്ചാലും നാം വിചാരിക്കുന്ന സമയത്ത് നടക്കണമെന്ന് ആഗ്രഹിക്കുന്നവരാണ്, അതിലുപരി വാശി പിടിക്കുന്നവരുമാണ്. നടക്കാത്തതിന് ദൈവത്തോട് പിറുപിറുക്കുന്നവരും ആയിത്തീരാറുണ്ട്. ദൈവം പ്രവർത്തിക്കുന്നത് ദൈവത്തിന്റെ സമയത്തും ദൈവത്തിന്റെ രീതികളിലുമാണ്.

അവൻ നടത്തുന്ന വഴിയിൽ കൂടി പോയാൽ, പ്രതികൂലങ്ങളുടെ മദ്ധ്യത്തിലും അവൻ നമ്മെ ജയോത്സവമായി നടത്തും. ശത്രുവിനെ മിത്രമാക്കുന്ന കർത്താവ് കൂടെയുണ്ടെങ്കിൽ, നാം ഭയപ്പെടേണ്ടതില്ല. നമ്മെ കരുതുവാൻ അവൻ മതിയായവനാണ്. നമ്മെക്കുറിച്ചുള്ള അവന്റെ നിരൂപണങ്ങൾ തിന്മയ്ക്കല്ല, നന്മയ്ക്കാണ്. നമുക്കൊരു ശുഭഭാവി അവൻ ഒരുക്കിയിട്ടുണ്ട്. അതിനായി ദൈവകരങ്ങളിലേക്ക് നമ്മെത്തന്നെ സമർപ്പിക്കാം.

**പരാമർശം:**

**സങ്കീർത്തനം 37:34**

**യഹോവെക്കായി പ്രത്യാശിച്ചു അവന്റെ വഴി പ്രമാണിച്ചു നടക്ക; എന്നാൽ ഭൂമിയെ അവകാശമാക്കുവാൻ അവൻ നിന്നെ ഉയർത്തും; ദുഷ്ടന്മാർ ഛേദിക്കപ്പെടുന്നതു നീ കാണും.**

## സിസ്റ്റർ ലാലി സലിം പുതുപ്പള്ളി 006